"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ഹൈക്കോടതി ജീവനക്കാര്യം - ഹൈക്കോടതിയിലെ കണ്ടം ചെയ്ത 14 വാഹനങ്ങൾക്ക് പകരമായി 5 പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1764/2025/HOME തീയതി,തിരുവനന്തപുരം, 29-05-2025

---

പരാമർശം:- 1 കേരള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 15.04.2024, 20.03.2025 തീയതികളിലെ HCKL/ 9438/ 2023- H6 നമ്പർ കത്ത്.

2 ഇന്ത്യാ ഗവൺമെന്റിന്റെ റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം പുറപ്പെടുവിച്ച 16.01.2023 തീയതിയിലെ G.S.R. 29(E) നമ്പർ വിജ്ഞാപനം

**ഉത്തരവ്**

ഇന്ത്യാ ഗവൺമെന്റിന്റെ റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഹൈക്കോടതിയിലെ 14 വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധിയായ 15 വർഷം 2024 -ൽ അവസാനിച്ചതിനാൽ അത്തരത്തിലുള്ള വാഹനങ്ങൾ റോഡുകളിൽ നിന്ന് പിൻവലിച്ച് സ്ക്രാപ്പ് ചെയ്യേണ്ടതുണ്ട് എന്നും പകരം 14 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും ആവശ്യപ്പെട്ട് രജിസ്ട്രാർ ജനറൽ പാരമർശം (1) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2) കണ്ടം ചെയ്ത വാഹനങ്ങൾക്ക് പകരമായി വാങ്ങേണ്ട, 5 പുതിയ വാഹനങ്ങളുടെ പട്ടിക ബഹു. ജഡ്ജിമാരുടെ കമ്മിറ്റി തിരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിൽ, ഒരു പുതിയ പ്രൊപ്പോസൽ ഹൈക്കോടതി രജിസ്ട്രാർ ജനറൽ ലഭ്യമാക്കിയിരുന്നു. ആയതിലേക്കുള്ള ചെലവ് ₹41,87,000/- രൂപ (നാൽപ്പത്തിയൊന്ന് ലക്ഷത്തി എൺപത്തിയേഴായിരം രൂപ മാത്രം) 2014-00-102-99—High Court -21-Motor Vehicles-0l -Purchase of vehicles (Non-plan-Charged) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്ന് അറിയിക്കുകയും ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-ൽ കണ്ടം ചെയ്ത, ഹൈക്കോടതിയിലെ 14 വാഹനങ്ങൾക്ക് പകരമായി ചുവടെ ചേർക്കുംപ്രകാരമുള്ള 5 പുതിയ വാഹനങ്ങൾ **₹41,87,000/-** രൂപക്ക് **(നാൽപ്പത്തിയൊന്ന് ലക്ഷത്തി എൺപത്തിയേഴായിരം രൂപ മാത്രം)** വാങ്ങുന്നതിനും ആയതിനുള്ള ചെലവ് **"2014-00-102-99-High Court-21-1-purchase of vehicles (Non-plan charged)"** എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

| വാഹനത്തിന്റെ മാതൃക | എണ്ണം | GeM ലെ നിലവിലെ | ഏകദേശ നിരക്ക് |
|---|---|---|---|

| | | | |
|---|---|---|---|
| | | വില (എല്ലാ നികുതികളും ഉൾപ്പെടെ) | (പ്രതീക്ഷിക്കുന്ന വർദ്ധനവ് + റൗണ്ട് ഓഫ്) |
| മാരുതി ഡിസയർ VXI 1.2L ISS 5MT | 1 | ₹6,85,520/- | ₹7,50,000/- |
| മാരുതി എക്കോ പാസഞ്ചർ (5 സീറ്റ്) | 1 | ₹4,99,840/- | ₹5,50,000/- |
| മാരുതി എക്കോ കാർഗോ | 1 | ₹4,81,360/- | ₹5,50,000/- |
| മാരുതി എർട്ടിക സ്മാർട്ട് ഹൈബ്രിഡ് VXI 1.51. 6AT | 2 | ₹9,88,240/- | ₹21,00,000/- (₹10,50,000/- x2) |
| ചരക്ക് ചാർജുകൾ | | | ₹2,37,000/- |
| ആകെ തുക | | | ₹41,87,000/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്
രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി( ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്( 2631443/EXP-D2/337/2023-FIN dated 26.11.2024പ്രകാരം
പൊതുഭരണ (എസ്.സി ) വകുപ്പ് (മന്ത്രിസഭായോഗ തീരുമാനം ഇനം.നം 2978 തീയതി 28.05.2025 പ്രകാരം )
വെബ്ബ& ന്യൂ മീഡിയ, ഐ&പി. ആർ,ഡി ( സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Prameela K Nair
Date: 30-05-2025 10:59:07

സെക്ഷൻ ഓഫീസർ

*രഹസ്യം*

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-05-2025

ഫയൽ നം. സി2/148/2024/ആഭ്യന്തരം. ഇനം നം: 2978

വിഷയം : ആഭ്യന്തര വകുപ്പ് - ഹൈക്കോടതിയിലെ കണ്ടം ചെയ്ത 14 വാഹനങ്ങൾക്ക് പകരമായി 5 പുതിയ വാഹനങ്ങൾ വാങ്ങുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

28 MAY 2025
797

2978

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി2/148 /2024/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- ഹൈക്കോടതിയിലെ കണ്ടം ചെയ്ത 14 വാഹനങ്ങൾക്ക് പകരമായി 5 പുതിയ വാഹനങ്ങൾ വാങ്ങുന്നത്-സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 26.04.2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതേ<br>ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ.ജി. ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07.05.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.05.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 21.05.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 24.05.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2024-ൽ കണ്ടം ചെയ്ത, ഹൈക്കോടതിയിലെ 14 വാഹനങ്ങൾക്ക് പകരമായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതിക്കായി ഹൈക്കോടതി രജിസ്ട്രാർ ജനറൽ സമർപ്പിച്ച പ്രൊപ്പോസലാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2. ഇന്ത്യാ ഗവൺമെന്റിന്റെ റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം പുറപ്പെടുവിച്ച **16.01.2023 തീയതിയിലെ G.S.R. 29(E) നമ്പർ വിജ്ഞാപനത്തിലെ** വ്യവസ്ഥകൾ **പ്രകാരം,** 15 വർഷം പൂർത്തിയായതിനാൽ 14 ഹൈക്കോടതി വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ (വാങ്ങിയ തീയതി മുതൽ) കാലാവധി 2024 -ൽ അവസാനിച്ചതായി ഹൈക്കോടതി രജിസ്ട്രാർ ജനറൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. മേൽപ്പറഞ്ഞ വിജ്ഞാപനത്തിലെ വ്യവസ്ഥകൾപ്രകാരം അത്തരത്തിലുള്ള വാഹനങ്ങൾ റോഡുകളിൽ നിന്ന് പിൻവലിച്ച് സ്ക്രാപ്പ് ചെയ്യേണ്ടതുണ്ട്. ആയതിനാൽ 14 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് രജിസ്ട്രാർ ജനറൽ ആദ്യം അഭ്യർത്ഥിക്കുകയും ആയതിലേക്ക് ആവശ്യമായി വരുന്ന ആകെ തുകയായ **91,07,000/- രൂപ (തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി ഏഴായിരം രൂപ മാത്രം) 2014-00-102-99—High Court -21-Motor Vehicles-0l -Purchase of vehicles (Non-plan-Charged)** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്ന് അറിയിക്കുകയും ചെയ്തു.

3. തുടർന്ന് ഫയൽ ധനകാര്യ വകുപ്പിന് അയച്ചപ്പോൾ, ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*'AD is requested to retransmit the file with details of actual date of expiry of registration of the referred vehicles and the details of existing roadworthy vehicles available under the High court Registry.'*

4. അതനുസരിച്ച്, ഹൈക്കോടതി രജിസ്ട്രിയൻ കീഴിലുള്ള 77 വാഹനങ്ങളുടെയും വിശദാംശങ്ങൾ അടങ്ങിയ ഒരു പട്ടിക ഹൈക്കോടതി രജിസ്ട്രാർ ജനറൽ ലഭ്യമാക്കുകയുണ്ടായി. അവയിൽ 14 വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി 2024 –ൽ അവസാനിച്ചിരുന്നു. വാഹനങ്ങളുടെ മേൽപ്പറഞ്ഞ വിശദാംശങ്ങൾ സഹിതം ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് അയച്ചപ്പോൾ, ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

***'FD agrees to accord Sanction for the purchase of 5 vehicles in lieu of the fourteen High Court vehicles for which Registration was expired on completion of 15 years from the date of purchase. AD is requested to examine the possibility of hiring of vehicles for the remaining number. The administrative department is also requested to provide a list specifying the purpose for which each of the fourteen vehicles is now being used and whether driver post is available for all these vehicles.'***

5. അതനുസരിച്ച്, വാഹനങ്ങൾ വാങ്ങുന്നതിനുള്ള ബഹു. ജഡ്ജിമാരുടെ കമ്മിറ്റി തിരഞ്ഞെടുത്ത, കണ്ടം ചെയ്ത വാഹനങ്ങൾക്ക് പകരമായി വാങ്ങേണ്ട, 5 പുതിയ വാഹനങ്ങളുടെ പട്ടിക അടങ്ങിയ ഒരു പുതിയ പ്രൊപ്പോസൽ ഹൈക്കോടതി രജിസ്ട്രാർ ജനറൽ ലഭ്യമാക്കുകയുണ്ടായി. കണ്ടം ചെയ്ത വാഹനങ്ങൾക്ക് പകരമായി ടി വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് രജിസ്ട്രാർ ജനറൽ അഭ്യർത്ഥിക്കുകയും ആയതിലേക്കു ആവശ്യമായി വരുന്ന ആകെ തുകയായ **₹41,87,000/- രൂപ (നാൽപ്പത്തിയൊന്ന് ലക്ഷത്തി എൺപത്തിയേഴായിരം രൂപ മാത്രം) 2014-00-102-99—High Court -21-Motor Vehicles-01 -Purchase of vehicles (Non-plan-Charged)** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. പുതിയതായി വാങ്ങേണ്ട 5 വാഹനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് .

6. ഫയൽ ചംക്രമണം ചെയ്തപ്പോൾ, പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

2024-ൽ കണ്ടം ചെയ്ത, ഹൈക്കോടതിയിലെ 14 വാഹനങ്ങൾക്ക് പകരമായി അനുബന്ധത്തിൽ ചേർത്തിരിക്കുംപ്രകാരമുള്ള 5 പുതിയ വാഹനങ്ങൾ **₹41,87,000/- (നാൽപ്പത്തിയൊന്ന് ലക്ഷത്തി എൺപത്തിയേഴായിരം രൂപ മാത്രം)** രൂപക്ക് വാങ്ങുന്നതിനും ആയതിനുള്ള ചെലവ് **"2014-00-102-99-High Court-21-1-purchase of vehicles (Non-plan charged)"** എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകാമോ?

അനുബന്ധം

| വാഹനത്തിന്റെ മാതൃക | എണ്ണം | GeM ലെ നിലവിലെ വില (എല്ലാ നികുതികളും ഉൾപ്പെടെ) | ഏകദേശ നിരക്ക് (പ്രതീക്ഷിക്കുന്ന വർദ്ധനവ് + റൗണ്ട് ഓഫ്) |
|---|---|---|---|
| മാരുതി ഡിസയർ VXI 1.2L ISS 5MT | 1 | ₹6,85,520/- | ₹7,50,000/- |
| മാരുതി എക്കോ പാസഞ്ചർ (5 സീറ്റ്) | 1 | ₹4,99,840/- | ₹5,50,000/- |
| മാരുതി എക്കോ കാർഗോ | 1 | ₹4,81,360/- | ₹5,50,000/- |
| മാരുതി എർട്ടിക സ്മാർട്ട് ഹൈബ്രിഡ് VXI 1.51. 6AT | 2 | ₹9,88,240/- | ₹21,00,000/- (₹10,50,000/- x2) |
| ചരക്ക് ചാർജ്ജുകൾ | | | ₹2,37,000/- |
| ആകെ തുക | | | ₹41,87,000/- |